"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ഡ്രൈവർ ശ്രീ രതീഷ് സി. എൻ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത O.A. 583/2025 നമ്പർ ഹർജിയിൽ 04/04/2025 തീയതിയിലെ ഉത്തരവിലെ നിർദ്ദേശം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.842/2025/HEDN തീയതി,തിരുവനന്തപുരം, 01-07-2025

---

പരാമർശം:-
1. 03/10/1980 തീയതിയിലെ സ.ഉ.(കൈ)നം.459/1980/GAD.
2. 25/02/2017 തീയതിയിലെ സ.ഉ.(അ)നം.3/2017/P&ARD.
3. 24/04/2023 തീയതിയിലെ സ.ഉ.(സാധാ)നം.309/2023/ID.
4. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 28/07/2024 തീയതിയിലെ ED3/3362/2024/DTE നമ്പർ നടപടിക്രമം.
5. ശ്രീ രതീഷ് സി. എൻ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത O.A. 583/2025 നമ്പർ ഹർജിയിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 04/04/2025 തീയതിയിലെ ഉത്തരവ്.
6. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 10/04/2025 തീയതിയിലെ ED3/716/2024 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലാ പി എസ് സി (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) മുഖാന്തിരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കോട്ടയത്ത് ഡ്രൈവർ തസ്തികയിൽ പ്രവേശിച്ച ശ്രീ രതീഷ് സി. എൻ. -നെ പാലക്കാട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലേക്ക് സ്ഥലംമാറ്റിയത് സംബന്ധിച്ച് ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത O.A. നം. 583/2025 നമ്പർ കേസിലെ അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാനെ 27.05.2025 തിയതിയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.

2. ഹിയറിങ് വേളയിൽ ശ്രീ. രതീഷ് സി. എൻ. ചുവടെ പറയും പ്രകാരമുള്ള കാര്യങ്ങൾ ബോധിപ്പിക്കുകയുണ്ടായി.

2.1. കോട്ടയം ജില്ലാ പി.എസ്.സി. (സ്പെഷ്യൽ റിക്രൂട്ട്മെന്റ് എസ്.സി./എസ്.ടി.)

മുഖാന്തിരം ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള ഡ്രൈവർ ഗ്രേഡ് II (എച്ച്.ഡി.വി.) തസ്തികയിൽ ഡിസ്ട്രിക്റ്റ് റിക്രൂട്ട്മെന്റ് ബോർഡ് (ഡി.ആർ.ബി. കോട്ടയം) മുഖാന്തരം 27.09.2016 തീയതിയിൽ കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ടിയാൻ ജോലിയിൽ പ്രവേശിച്ചു. തുടർന്ന്, ടിയാന് റേഷ്യോ പ്രൊമോഷൻ വഴി ഡ്രൈവർ ഗ്രേഡ് I ആയും, മൂന്നാം റെസ്പോണ്ടന്റായ നവാസ് കെ. എം. -നു സീനിയർ ഗ്രേഡ് ആയും പ്രൊമോഷൻ ലഭിച്ചു. **പരാമർശം** - 4 -ലെ ട്രാൻസ്ഫർ ലിസ്റ്റ് പ്രകാരം പെറ്റീഷണറെ സർക്കാർ എൻജിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരത്തേക്ക് ട്രാൻസ്ഫർ ചെയ്തു. ടിയാൻ ജോലി ചെയ്തിരുന്ന രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലേക്ക് ശ്രീകൃഷ്ണപുരം സർക്കാർ എൻജിനീയറിംഗ് കോളേജിലെ ശ്രീ. നവാസ് കെ. എം. -ന് ട്രാൻസ്ഫർ നൽകി. 07.08.2024-ൽ പെറ്റീഷണർ ശ്രീകൃഷ്ണപുരം എൻജിനീയറിംഗ് കോളേജിൽ ജോയിൻ ചെയ്തു.

2.2. **പരാമർശം** - 2 സർക്കാർ ഉത്തരവിലെ ഇനം നമ്പർ 5(iii) പ്രകാരം ജില്ലാതല റിക്രൂട്ട്മെന്റ് വഴി നിയമിതരാകുന്നവർക്ക് 5 വർഷമെന്നത് സ്റ്റേഷൻ സീനിയോറിറ്റിയായി കണക്കാക്കേണ്ടതില്ല. ടിയാൻ പ്രസ്തുത സ്ഥാപനത്തിൽ 5 വർഷം പൂർത്തിയാക്കുന്നത് 26.9.2021 -ലാണ്. എന്നാൽ, എസ്.സി. കമ്മ്യൂണിറ്റിയിലുള്ള ഉദ്യോഗസ്ഥർക്ക് 5 വർഷം കഴിഞ്ഞാലും പ്രസ്തുത സ്റ്റേഷനിൽ തന്നെ തുടരാവുന്നതാണ്. **പരാമർശം** - 1 സർക്കാർ ഉത്തരവ് പ്രകാരം എസ്.സി./എസ്.ടി. എംപ്ലോയീസിന് അവർ ജനിച്ച ജില്ലയിലോ അവർ ആവശ്യപ്പെടുന്ന ജില്ലയിലോ നിയമനം നൽകാൻ വ്യവസ്ഥയുണ്ട്.

2.3. 2024-ലെ ജനറൽ ട്രാൻസ്ഫറിൽ ടിയാൻ അപേക്ഷിച്ചിരുന്നില്ല. മാത്രമല്ല, ഡി.ആർ.ബി. വഴി നിയമിതരാകുന്നവർക്ക് കഴിയുന്നതും അവിടെ തന്നെ തുടരണമെന്ന് വ്യവസ്ഥയുണ്ട്. **പരാമർശം** - 3 സർക്കാർ ഉത്തരവ് പ്രകാരം വ്യവസായ വകുപ്പിൽ സമാനമായ കാര്യങ്ങൾ തീർപ്പാക്കിയിട്ടുണ്ട്. പെറ്റീഷണർക്ക് 70 വയസ്സിൽ കൂടുതൽ പ്രായമായ മാതാപിതാക്കളും, വീട്ടമ്മയായ ഭാര്യയും, വിദ്യാർത്ഥിനികളായ രണ്ട് പെൺമക്കളുമുണ്ട്. ടിയാന്റെ ഒറ്റ വരുമാനത്തിലാണ് ഈ കുടുംബം കഴിയുന്നത്. ആയതിനാൽ തന്നെ പാലക്കാട് നിന്ന് സ്വന്തം ജില്ലയായ പത്തനംതിട്ട വരെയുള്ള യാത്രാചെലവ് ടിയാന് താങ്ങാനാവാത്തതാണെന്നും ഹിയറിംഗ് വേളയിൽ പറഞ്ഞു. മേൽപ്പറഞ്ഞ സാഹചര്യങ്ങൾ പരിഗണിച്ച്, ടിയാന്റെ ശ്രീകൃഷ്ണപുരം കോളേജിലേക്കുള്ള സ്ഥലംമാറ്റം റദ്ദാക്കുകയും, ടിയാനെ കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ തിരികെ നിയമിക്കുകയും ചെയ്യണമെന്നാണ് ആവശ്യം.

3. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ **പരാമർശം** - 6 -ലെ റിപ്പോർട്ട് പ്രകാരം, കോട്ടയം ജില്ലാ പി.എസ്.സി. (സ്പെഷ്യൽ റിക്രൂട്ട്മെന്റ് എസ്.സി./എസ്.ടി.) മുഖാന്തിരം ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള ഡ്രൈവർ ഗ്രേഡ് II (എച്ച്.ഡി.വി.) തസ്തികയിൽ ഡിസ്ട്രിക്റ്റ് റിക്രൂട്ട്മെൻ്റ് ബോർഡ്

(ഡി.ആർ.ബി. കോട്ടയം) മുഖാന്തരം 27.09.2016 തീയതിയിൽ കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ടിയാൻ ജോലിയിൽ പ്രവേശിച്ചു. 2016 മുതൽ അദ്ദേഹം ഈ സ്ഥാപനത്തിൽ ജോലി ചെയ്തു വരികയാണ്. 2024-ലെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് സ്പാർക്ക് മുഖേന അപേക്ഷകൾ ക്ഷണിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, ശ്രീ. രതീഷ് സി.എൻ. -നെ പാലക്കാട് ശ്രീകൃഷ്ണപുരം എൻജിനീയറിംഗ് കോളേജിലേക്ക് സ്ഥലംമാറ്റം നൽകിക്കൊണ്ടുള്ള കരട് ലിസ്റ്റ് സ്പാർക്കിൽ നിന്ന് ലഭിക്കുകയുണ്ടായി. ഇതിനെതിരെ അദ്ദേഹം പരാതി നൽകിയിരുന്നു. പ്രസ്തുത പരാതി പരിശോധിച്ചപ്പോൾ, ടിയാന് പകരമായി കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലേക്ക് സ്ഥലംമാറ്റത്തിനായി സ്പാർക്ക് പരിഗണിച്ചത് ശ്രീകൃഷ്ണപുരം എൻജിനീയറിംഗ് കോളേജിലെ എച്ച്.ഡി.വി. ഡ്രൈവറായ ശ്രീ. നവാസ് കെ.എം. -നെ ആണ്. ശ്രീ. നവാസ് കെ.എം -നു വിരമിക്കാൻ രണ്ട് വർഷം മാത്രമേയുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിലാണ് സ്പാർക്ക് ഈ അപേക്ഷ പരിഗണിച്ചത്. തുടർന്ന്, സ്പാർക്ക് വഴി ലഭിച്ച ട്രാൻസ്ഫർ ലിസ്റ്റിലാണ് ഇരുവരെയും പരസ്പരം മാറ്റി നിയമിച്ചത്.

3.1. പരാമർശം - 2 സർക്കാർ ഉത്തരവ് പ്രകാരം, പ്രത്യേക മുൻഗണനാ വിഭാഗമായ എസ്.സി./എസ്.ടി. -വിഭാഗക്കാർക്ക് അഞ്ച് വർഷം വരെ മാത്രമേ ഈ ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ, ശ്രീ. രതീഷ് സി.എൻ. -ന്റെ പരാതിയിൽ, സ്പാർക്കിൽ ടിയാന്റെ വിഭാഗം 'ജനറൽ കാറ്റഗറി' എന്ന് രേഖപ്പെടുത്തിയിരുന്നു എന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇത് ഉറപ്പുവരുത്തേണ്ടത് സ്ഥാപനമേധാവിയുടെയും ജീവനക്കാരന്റെയും ഉത്തരവാദിത്തമാണ്. ഈ വിവരം പിന്നീട് തിരുത്തുകയും അത് ജീവനക്കാരന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്ന് സ്ഥാപനമേധാവി അറിയിച്ചതായും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. സ്ഥലംമാറ്റം ലഭിച്ച രണ്ട് പേരും ഡ്രൈവർ തസ്തികയിൽ ജില്ലാ നിയമനം വഴി ഡ്രൈവർ ഗ്രേഡ് II ആയി ജോലിയിൽ പ്രവേശിച്ചവരും, റേഷ്യോ പ്രൊമോഷൻ വഴി ഗ്രേഡ് I ആയവരുമാണ്. സ്പാർക്ക് സ്ഥലംമാറ്റം പരിഗണിച്ചതിന്റെ അടിസ്ഥാനത്തിലാണ് സ്ഥലംമാറ്റം അനുവദിച്ചതെന്നും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4. നിലവിലെ നിയമങ്ങളുടെയും, ഹിയറിംഗ് വേളയിലെ വാദങ്ങളുടെയും, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്ഥലംമാറ്റം ലഭിച്ച ഇരു ജീവനക്കാരും ഡ്രൈവർ തസ്തികയിൽ ജില്ലാ നിയമനം വഴി (ഡ്രൈവർ ഗ്രേഡ് II ആയി) ജോലിയിൽ പ്രവേശിച്ചവരും, പിന്നീട് റേഷ്യോ പ്രൊമോഷൻ വഴി ഗ്രേഡ് I ആയി ഉയർത്തപ്പെട്ടവരുമാണ്. ശ്രീകൃഷ്ണപുരം എൻജിനീയറിംഗ് കോളേജിലെ എച്ച്.ഡി.വി. ഡ്രൈവറായ ശ്രീ. നവാസ് കെ.എം. -ന് വിരമിക്കാൻ രണ്ട് വർഷം മാത്രമേയുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിലാണ് സ്പാർക്ക് ടിയാന്റെ അപേക്ഷ പരിഗണിച്ചത്. തുടർന്ന്, സ്പാർക്ക് വഴി ലഭ്യമായ ട്രാൻസ്ഫർ ലിസ്റ്റിലാണ്

ഇരുവരെയും പരസ്പരം മാറ്റി നിയമിച്ചത്. ഇവിടെ പെറ്റീഷണറായ ശ്രീ. രതീഷ് സി.എൻ., കോട്ടയം ജില്ലാ പി.എസ്.സി. (സ്പെഷ്യൽ റിക്രൂട്ട്മെൻ്റ് - ഡി.ആർ.ബി. കോട്ടയം) മുഖേന രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയത്ത് ഡ്രൈവർ തസ്തികയിൽ പ്രവേശിച്ച ഉദ്യോഗസ്ഥനാണ്. കൂടാതെ, അദ്ദേഹം ട്രാൻസ്ഫറിനായി അപേക്ഷ സമർപ്പിച്ചിരുന്നില്ല. ഈ കാര്യങ്ങളെല്ലാം പരിഗണിക്കുമ്പോൾ, ശ്രീ. നവാസ് കെ.എം. ന് വിരമിക്കാൻ രണ്ട് വർഷം മാത്രമേയുള്ളൂ എന്നതിൻ്റെ അടിസ്ഥാനത്തിൽ സ്പാർക്ക് അപേക്ഷ പരിഗണിച്ച് സ്ഥലംമാറ്റം നൽകിയ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിയെ തൽക്കാലം നിരാകരിക്കാൻ കഴിയില്ല.

4.1. രേഖകൾ പരിശോധിക്കുമ്പോൾ, ശ്രീ. നവാസ് കെ.എം. -ൻ്റെ ജനനത്തീയതി **03.04.1970** ആണെന്ന് കാണാം. അതായത്, അദ്ദേഹത്തിൻ്റെ വിരമിക്കൽ തീയതി **30.04.2026** ആണ്. നിലവിൽ കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. നവാസ് കെ.എം. **30.04.2026** ന് വിരമിക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവിലേക്ക് മാത്രമേ, നിലവിൽ സ്ഥലംമാറ്റം ലഭിച്ച് പാലക്കാട് ശ്രീകൃഷ്ണപുരം എൻജിനീയറിംഗ് കോളേജിൽ ജോലിയിൽ പ്രവേശിച്ച പരാതിക്കാരനായ ശ്രീ. രതീഷ് സി.എൻ. -ന് ടി സ്ഥാപനത്തിൽ തന്നെ പുനർനിയമനം നൽകാൻ സാധിക്കുകയുള്ളൂ. മേൽ സാഹചര്യങ്ങൾ പരിഗണിച്ച്, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. നവാസ് കെ.എം. **30.04.2026** -ന് വിരമിക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവിലേക്ക്, പാലക്കാട് ശ്രീകൃഷ്ണപുരം എൻജിനീയറിംഗ് കോളേജിൽ ജോലി ചെയ്യുന്ന ശ്രീ. രതീഷ് സി.എൻ. ന് നിയമനം നൽകണമെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

5. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ. രതീഷ് സി.എൻ. ഫയൽ ചെയ്ത O.A. നം. 583/2025 നമ്പർ കേസിലെ അന്തിമ ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SANTHOSHKUMAR P B**
അണ്ടർ സെക്രട്ടറി

പകർപ്പ് :
ആഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം. *(ആമുഖ കത്ത് സഹിതം)*
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, സർക്കാർ എൻജിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം, പാലക്കാട്.
ശ്രീ. രതീഷ് സി. എൻ., ഡ്രൈവർ ഗ്രേഡ് I, സർക്കാർ എൻജിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എ&ഇ) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്.

**www.highereducation.kerala.gov.in.**

കരുതൽ ഫയൽ/ഓഫീസ് കോപ്പി. ***(HEDN-G2/387/2024-HEDN)***

ഉത്തരവിൻ പ്രകാരം

Signed by
Deepa N S
സെക്ഷൻ ഓഫീസർ
Date: 01-07-2025 17:52:58